3392
1/3/21

GOVERNMENT OF KERALA

Abstract

Home Department – Creation of one post of Assistant Public Prosecutor Grade-II in Judicial First Class Magistrate Court-II, Kasaragod – Sanctioned – Orders issued.

HOME (C) DEPARTMENT

**G.O.(Ms)No.45/2021/HOME** Dated,Thiruvananthapuram, 17/02/2021

Read: 1. Letter No.432/C/2013/DGP Dated 25.2.2019 from the Director General of Prosecution, Ernakulam.

2. Judgment of the Hon'ble High Court of Kerala Dated 12/1/2021 in W.P(C)No.20907/2020(R), filed by Sri. Karunakaran Nambiar.

ORDER

The Hon'ble High Court of Kerala as per the Judgment read above, has directed the Government to issue appropriate orders , to create a permanent post of Assistant Public Prosecutor Grade-II, in the Judicial First Class Magistrate Court-II, Kasaragod ,considering the recommendation of the Director General of Prosecution, in the letter read above

**2.** Government have examined the matter in detail and are pleased to create one post of Assistant Public Prosecutor Grade-II in the scale of pay of Rs.40500-87000 in the Judicial First Class Magistrate Court-II, Kasaragod, in compliance of the orders of the Hon'ble High Court,Kerala .

(By order of the Governor)
**T K JOSE**
**ADDITIONAL CHIEF SECRETARY**

To:

The Registrar (District Judiciary), High Court of Kerala, Ernakulam

(with C/L)

The Advocate General, Kerala, Ernakulam.

Director General of Prosecution, Kerala, Ernakulam.

The Principal Accountant General (A&E/ Audit), Kerala,
Thiruvanathapuram.

The Director, Treasuries, Thiruvananthapuram

The District Collector, Kasaragod

The Finance Department (Vide Exp-A3/342/2019-Fin dated 01/02/2021).

I& PRD, Web & New Media (for uploading in the Government website)

Stock File/Office Copy

Forwarded /By order

Signature valid
Digitally signed by USHA [illegible] Y
Date: 2021.02.17 14:[illegible] IST
Reason: Approved

Section Officer

രഹസ്യം

OFFICE OF THE ADDITIONAL C... & VIGILANCE DEPARTMENT
25 FEB 2021

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. സി4/59/2019/ആഭ്യന്തരം. ഇനം നം: 4818

വിഷയം : ആഭ്യന്തര വകുപ്പ് - കാസർഗോഡ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി-II-ൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു സ്ഥിരം തസ്തിക സൃഷ്ടിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

JS (C)
Pl: issue orders
25/2/2021

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി4/59/2019/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | കാസർഗോഡ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി -II ൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു സ്ഥിരം തസ്തിക സൃഷ്ടിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16 .02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. റ്റി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. റ്റി. കെ. ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | | 22.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 23.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടറുടെ ഒരു സ്ഥിരം തസ്തിക സൃഷ്ടിച്ച നടപടി സാധൂകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ൽ ഒരു അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനായി സർക്കാരിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കാസർഗോഡ് ബാർ അസോസിയേഷൻ ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ നം.2549/2019(P) ഫയൽ ചെയ്തിരുന്നു. ബഹു.ഹൈക്കോടതിയുടെ 05.02.2019 ലെ ഉത്തരവിൽ, അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ സർക്കാരിന് സമർപ്പിക്കണമെന്ന് ഉത്തരവായിരുന്നു. കോടതി വിധി അനുസരിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 25.02.2019 ൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാർ തീരുമാനമെടുക്കണമെന്ന് ബഹു.ഹൈക്കോടതി 21.05.2019 ൽ ഉത്തരവാകുകയും ചെയ്തിരുന്നു.

3) ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ സർക്കാർ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സമർപ്പിച്ച പ്രൊപ്പോസൽ വിശദമായി പരിശോധിച്ചിരുന്നു. ഒരു അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുമ്പോൾ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ പ്രതിവർഷം 6,24,975/- രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ബഹു.ഹൈക്കോടതി

ഉത്തരവ് പുറപ്പെടുവിച്ച കാലയളവിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായിരുന്നതിനാൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലായിരുന്നു. ആയതിനാൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് പ്രോസിക്യൂഷൻ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സാമ്പത്തിക നില മോശമായിരുന്നതിനാൽ പ്രൊപ്പോസൽ നിരസിച്ച് 14.03.2020 ലെ സ.ഉ.(സാധാ)നം.848/2020/ആഭ്യന്തരം പ്രകാരം കോടതി ഉത്തരവ് പാലിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

4) കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കണം എന്ന ആവശ്യം നിരസിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ(സാധാ) നം.848/2020/ആഭ്യന്തരം നമ്പർ ഉത്തരവ് റദ്ദ് ചെയ്യണമെന്നും തസ്തിക സൃഷ്ടിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്നുമാവശ്യപ്പെട്ട് ഹൈക്കോടതി മുമ്പാകെ കാസർഗോഡ് ബാർ അസോസിയേഷൻ 2020 ൽ വീണ്ടും (WP(c) No.20907/2020) നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി.ടി റിട്ട് പെറ്റീഷനിലെ 12.01.2021 ലെ വിധിയിൽ സ.ഉ.(സാധാ) നം.848/2020/ആഭ്യന്തരം നമ്പർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രോസിക്യൂഷൻ ഡയറക്ടറുടെ പ്രൊപ്പോസലിന്മേൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

5) ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ ചേർക്കുംപ്രകാരമുള്ള അഭിപ്രായം ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്.

"Finance agrees to the creation of post of Assistant Public Prosecutor Grade- II in JFCMC-II, Kasargod.

This has the approval of the Hon'ble Minister Finance."

6) ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ കോടതി വിധി കണക്കിലെടുത്ത് തസ്തിക സൃഷ്ടിച്ച് ഉത്തരവായശേഷം മന്ത്രിസഭയുടെ സാധൂകരണം തേടുക എന്ന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് 17.02.2021 ലെ സ.ഉ(കൈ) 45/2021/ആഭ്യന്തരം നമ്പർ പ്രകാരം കാസർഗോഡ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ൽ 40500-87000 സ്കെയിലിൽ ഒരു അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ബഹു. ഹൈക്കോടതിയുടെ, 20907/2020 നമ്പർ റിട്ട് പെറ്റീഷനിലെ 12.01.2021 ലെ വിധിയുടെ അടിസ്ഥാനത്തിൽ 17.02.2021 ലെ സ.ഉ.(കൈ) നം.45/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി-II ൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ ഒരു സ്ഥിരം തസ്തിക സൃഷ്ടിച്ച നടപടി സാധൂകരിക്കാമോ?